**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 15423/REG Section Assistant/2020/REG SECT

തീയതി: 20.04.2020

പ്രിയദർശിനി ഹിൽസ്

## <u>സർക്കുലർ</u>

വിഷയം:- കോവിഡ് 19 കാലയളവിൽ സർവകലാശാല ജീവനക്കാർക്കായുള്ള ബസ് സർവീസ് നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ സംബന്ധിച്ച്

സൂചന :- സർവകലാശാല ഉത്തരവ് 1804/AD A1/2020/MGU Dated 18-04-2020

കോവിഡ് 19 നിയന്ത്രണങ്ങളിന്മേൽ സർക്കാർ നൽകിയ ഇളവുകളുടെ ചുവടു പിടിച്ചു 21 -04 -2020 മുതൽ സർവകലാശാല സാധാരണരീതിയിൽ തുറന്നു പ്രവർത്തിക്കുവാൻ സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. പൊതുഗതാഗതവുമായി ബന്ധപ്പെട്ട സർക്കാരിന്റെ മാർഗനിർദേശങ്ങൾ പ്രകാരമുള്ള, സുരക്ഷക്കും സാമൂഹ്യ അകലം പാലിക്കുന്നതിനുമായുള്ള താഴെ പ്രസ്താവിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു. എല്ലാ വിഭാഗം ജീവനക്കാരും ആയതു കർശനമായി പാലിക്കേണ്ടതാണ്.

1. ജീവനക്കാർ കഴിവതും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സ്വന്തം വാഹനങ്ങൾ ഉപയോഗിക്കുവാൻ ശ്രമിക്കേണ്ടതാണ്.

2. എല്ലാ ജീവനക്കാരും സർവകലാശാല നൽകിയിട്ടുള്ള ഔദ്യോഗിക തിരിച്ചറിയൽ കാർഡ് കരുതേണ്ടതാണ്.

3. സ്വന്തം വാഹനങ്ങൾ ലഭ്യമല്ലാത്ത ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം സർവകലാശാല ഏർപ്പെടുത്തിയിരിക്കുന്ന ഗതാഗത സൗകര്യം സാമൂഹ്യ അകലം കർശനമായി പാലിച്ചുകൊണ്ട് ഉപയോഗപ്പെടുത്തേണ്ടതാണ്.

ബസ് നമ്പർ (1) എം ജി സർവകലാശാല - സംക്രാന്തി (8 .30 AM )- പൂവത്തുംമൂട് - തിരുവഞ്ചൂർ - മണർകാട് - മനോരമ - പോസ്റ്റ് ഓഫീസ് - സി എം എസ് - ചുങ്കം - മെഡിക്കൽ കോളേജ് - സർവകലാശാല ക്യാമ്പസ്

ബസ് നമ്പർ (2 ) എം ജി സർവകലാശാല- ഏറ്റുമാനൂർ -കിടങ്ങൂർ (8 .30 AM ) - പാലാ ടൗൺ - കൊട്ടാരമറ്റം - കുറവിലങ്ങാട് - ഏറ്റുമാനൂർ - സർവകലാശാല ക്യാമ്പസ്

ബസ് നമ്പർ (3 ) എം ജി സർവകലാശാല - തലയോലപ്പറമ്പ് (9 .00 AM ) - കടുത്തുരുത്തി - കുറുപ്പുംന്തറ - ഏറ്റുമാനൂർ - സർവകലാശാല ക്യാമ്പസ്

4. സർക്കാർ ഉത്തരവ് പ്രകാരം മൂന്ന് പേർക്കുള്ള സീറ്റിൽ രണ്ടു പേരും, രണ്ടു പേർക്കുള്ള സീറ്റിൽ ഒരാളും എന്ന കണക്കിൽ മാത്രം പരമാവധി യാത്രക്കാരെ ഒരു ബസിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. നിന്നുകൊണ്ടുള്ള യാത്ര ഒരു കാരണവശാലും അനുവദിക്കുന്നതല്ല. നിബന്ധനപ്രകാരം പരമാവധി യാത്രക്കാർ ഉൾക്കൊള്ളുന്ന പക്ഷം പിന്നീട് യാത്രക്കാരെ അനുവദിക്കുന്നതല്ല.

5. സർവകലാശാല ബസ് സൗകര്യം ഉപയോഗപ്പെടുത്തുന്ന ജീവനക്കാർ യാത്രക്ക് മുൻപായി ബസിൽ സജ്ജീകരിക്കുന്ന hand sanitizer പ്രയോജനപ്പെടുത്തേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 15423/REG SECTION ASSISTANT/2020/REG SECT Approved by Registrar on 20-Apr-2020 04:30 PM - Page 1

6. എല്ലാ ജീവനക്കാരും സർവകലാശാലയുടെ വിവിധ വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ശുചീകരണ സംവിധാനം ഉപയോഗപ്പെടുത്തി കൈകൾ വൃത്തിയാക്കി sanitize ചെയ്തതിനു ശേഷം മാത്രമേ സെക്ഷനുകളിൽ പ്രവേശിക്കാൻ പാടുള്ളു.

**ഡോ.പ്രകാശ് കുമാർ .ബി**

രജിസ്ട്രാർ

Draft #1 of File 15423/REG SECTION ASSISTANT/2020/REG SECT Approved by Registrar on 20-Apr-2020 04:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം